"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ആരോഗ്യ വകുപ്പ്- ജീവനക്കാര്യം - ആരോഗ്യ വകുപ്പിലെ അസിസ്റ്റന്റ് സർജൻമാരുടെ 2023 വർഷത്തെ പൊതു സ്ഥലംമാറ്റ ഉത്തരവ് - ഡോ.ധന്യ.കെ.വി-യുടെ ജോലിക്രമീകരണ വ്യവസ്ഥയിലെ നിയമനം - കാലയളവ് ക്രമീകരിച്ച് ഉത്തരവാകുന്നു.

ആരോഗ്യ കുടുംബക്ഷേമ (എ) വകുപ്പ്

സ.ഉ.(സാധാ) നം.467/2024/H&FWD തീയതി,തിരുവനന്തപുരം, 16-02-2024

പരാമർശം:- 1. സഉ (സാധാ) 2072/2023/ആകുവ തീയതി 14.08.2023

2. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 13.11.2023 തീയതിയിലെ ഇഎ2-1599/2023/ആവഡ നമ്പർ കത്ത്

**ഉത്തരവ്**

ആരോഗ്യ വകുപ്പിലെ അസിസ്റ്റന്റ് സർജൻമാരുടെ 2023 വർഷത്തെ പൊതു സ്ഥലംമാറ്റ ഉത്തരവിൽ കാക്കനാട് കുടുംബാരോഗ്യ കേന്ദ്രത്തിൽ ജോലിചെയ്തിരുന്ന ഡോ.ധന്യ.കെ.വി-യെ എറണാകുളം കുമാരപുരം കുടുംബാരോഗ്യ കേന്ദ്രത്തിലേക്ക് സ്ഥലംമാറ്റുകയുണ്ടായി. എന്നാൽ എറണാകുളം കുമാരപുരം കുടുംബാരോഗ്യ കേന്ദ്രത്തിൽ ജോലിചെയ്തിരുന്ന ഡോ.സുരഭി. എസ്.ടി പ്രസ്തുത ഉത്തരവിനെതിരായി ഒ.എ. നം. 994/2023 നമ്പരായി കേസ് ഫയൽ ചെയ്യുകയും പ്രസ്തുത കേസിൽ ബഹു. ട്രിബ്യൂണൽ, ടിയാൾ സർക്കാരിൽ സമർപ്പിച്ച അപ്പീൽ പെറ്റീഷനിൽ സർക്കാർ രൂപീകരിച്ച അപ്പീൽ കമ്മിറ്റി തീരുമാനമെടുക്കുന്നതുവരെ ടി സ്റ്റേഷനിൽ തുടരുന്നതിനായി അനുമതി നൽകുകയുമുണ്ടായി. ആയതിനാൽ ആരോഗ്യ വകുപ്പ് ഡയറക്ടർ പുറപ്പെടുവിച്ച പൊതുസ്ഥലംമാറ്റ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 20.06.2023-ന് കാക്കനാട് കുടുംബാരോഗ്യ കേന്ദ്രത്തിൽ നിന്നും വിടുതൽ ചെയ്യപ്പെട്ട ഡോ.ധന്യ കെ.വി-യ്ക്ക് എറണാകുളം കുമാരപുരം കുടുംബാരോഗ്യ കേന്ദ്രത്തിൽ സർവ്വീസിൽ പ്രവേശിക്കാനാകാതെ വരികയുണ്ടായി. തുടർന്ന് ഡോ.ധന്യ കെ.വി 21.06.2023 തീയതിയിൽ എറണാകുളം ജില്ലാമെഡിക്കൽ ഓഫീസിൽ റിപ്പോർട്ടു ചെയ്യുകയും എറണാകുളം ജില്ലാ മെഡിക്കൽ ഓഫീസർ ടിയാൾക്ക് കാക്കനാട് കുടുംബാരോഗ്യ കേന്ദ്രത്തിൽ ജോലിക്രമീകരണ വ്യവസ്ഥയിൽ 22.06.2023 മുതൽ 18.08.2023 വരെ നിയമനം നൽകുകയും ചെയ്തു. ഒഎ നം 994/2023 നമ്പർ കേസിലെ വിധി അനുപാലിച്ച് പുറപ്പെടുവിച്ച് പരാമർശം (1) ഉത്തരവിന്റെ അടിസ്ഥാനത്തിൽ, ഡോ.ധന്യ. കെവി 19.08.2023 തീയതിയിൽ എറണാകുളം കുമാരപുരം കുടുംബാരോഗ്യ കേന്ദ്രത്തിൽ സർവ്വീസിൽ പ്രവേശിക്കുകയുണ്ടായി. ഡോ.ധന്യ കെ.വി കാക്കനാട് കുടുംബാരോഗ്യ കേന്ദ്രത്തിൽ ജോലിക്രമീകരണ വ്യവസ്ഥയിൽ ജോലി ചെയ്ത 22.06.2023 മുതൽ 18.08.2023 വരെ യുള്ള കാലയളവ് ക്രമീകരിക്കുന്നതിനായി പരാമർശം (2) പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടർ ശിപാർശ ലഭ്യമാക്കുകയുണ്ടായി.

DHS/21599/2023-EA2



2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഡോ. ധന്യ കെ.വി. കാക്കനാട് കുടുംബാരോഗ്യ കേന്ദ്രത്തിൽ ജോലി ക്രമീകരണ വ്യവസ്ഥയിൽ ജോലി ചെയ്ത 22.06.2023 മുതൽ 18.08.2023 വരെയുള്ള കാലയളവ് കേരള സർവിസ് ചട്ടങ്ങൾ ഭാഗം | ചട്ടം 12(7)ന് ചുവടെയുള്ള കുറിപ്പ് 4 പ്രകാരം ഡ്യൂട്ടിയായി ക്രമീകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SREEJITH V P
ജോയിന്റ് സെക്രട്ടറി

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
ഡോ. ധന്യ കെ.വി. അസിസ്റ്റന്റ് സർജൻ (ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖേന)
ധനവകുപ്പ് റഫ .നം . 2649801/HLT -B 3/615/2023- Fin തീയതി 24.1.2024
ജില്ലാ മെഡിക്കൽ ഓഫീസർ, ജില്ലാ മെഡിക്കൽ ഓഫീസ് (ആരോഗ്യം), എറണാകുളം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Manjula G
Date: 16-02-2024 15:35:23
സെക്ഷൻ ഓഫീസർ

<u>മേലെഴുത്ത് നം: ഇ.എ2-21599/2023/ആ.വ.ഡ തീയതി :04-03-2024</u>

സർക്കാർ ഉത്തരവിൻറെ പകർപ്പ് ബന്ധപ്പെട്ട ജീവനക്കാരുടെ അറിവിലേക്കും, അനന്തര നടപടികൾക്കും വെബ്സൈറ്റ് പ്രസിദ്ധീകരണത്തിനുമായി നൽകുന്നു.

**Signed by Sherly S S**
**Date: 04-03-2024 12:49:02**
ആരോഗ്യവകുപ്പ് ഡയറക്ടർക്കു വേണ്ടി
**Reason: Approved**